(Pages : 5) **1028**

Sl. No. 362735

# S.S.L.C. EXAMINATION, MARCH - 2014

## ഭൗതികശാസ്ത്രം


Time : 1½ Hours Total Score : 40

**നിർദ്ദേശങ്ങൾ:**

- 15 മിനിട്ട് 'കൂൾ ഓഫ് സമയം' ആണ്.
- ഈ സമയത്ത് ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കണം.

**Score**

1. താഴെ കൊടുത്തിരിക്കുന്ന പ്രതീകങ്ങൾ നിരിക്ഷിക്കൂ. ഇതിൽ ഡൈ ഇലക്ട്രിക് കാണുന്നത് ഏതിലാണ് ? 1



2. സൂര്യനിൽ നിന്നുള്ള പ്രകാശം നേർ രേഖയിലാണ് സഞ്ചരിക്കുന്നത്. എങ്കിലും അവ മുറിയ്ക്കകം പ്രകാശിപ്പിക്കുന്നു. പ്രകാശത്തിന്റെ ഏത് പ്രതിഭാസമാണ് ഇതിന് കാരണം ? 1

3. ഏതാനും ഉപകരണങ്ങൾ താഴെ തന്നിരിക്കുന്നു. ഇതിൽ വൈദ്യുത കാന്തിക പ്രേരണ തത്വത്തെ ആസ്പദമാക്കി പ്രവർത്തിക്കാത്തത് ഏത് ? ഇത് ഏത് തത്വത്തെ ആസ്പദമാക്കിയാണ് പ്രവർത്തിക്കുന്നത്. 2

   (a) ഡൈനാമോ (b) ലൗഡ് സ്പീക്കർ

   (c) മൈക്രോഫോൺ (d) ട്രാൻസ്ഫോമർ

4. താഴെ കൊടുത്തിരിക്കുന്ന സന്ദർഭങ്ങളിൽ ഓരോന്നിലും ശബ്ദത്തിന്റെ ഏത് സവിശേഷതയാണ് പ്രയാജനപ്പെടുത്തിയത് എന്ന് എഴുതുക. 2

   (a) ഒരു ആൺകുട്ടിയുടെയും പെൺകുട്ടിയുടെയും ശബ്ദം വേർ തിരിച്ചറിയുന്നു.

   (b) രണ്ടു പെൺകുട്ടികളുടെ ശബ്ദം വേർതിരിച്ചറിയുന്നു.

5. നക്ഷത്രങ്ങളെ വിവിധ നിറത്തിൽ കാണുവാൻ കാരണം അതിന്റെ താപനിലയാണ്. 2

   (a) വളരെ ഉയർന്ന താപനിലയുള്ള നക്ഷത്രങ്ങൾ ഏത് നിറത്തിൽ കാണപ്പെടുന്നു ?


   (b) 'ചോതി' നക്ഷത്രം ഏത് നിറത്തിലാണ് കാണപ്പെടുന്നത് ?

P.T.O.

Score

6. 'PHYSICS' എന്ന് ചുവന്ന മഷിയിലും 'CHEMISTRY' എന്ന് നീല മഷിയിലും ഒരു വെള്ള കടലാസ്സിൽ എഴുതിയിരിക്കുന്നു. ഇവയെ ചുവന്ന പ്രകാശത്തിൽ വീക്ഷിക്കുന്നു. ഏതാണ് നിങ്ങൾക്ക് വായിക്കുവാൻ സാധിക്കുക ? എന്തുകൊണ്ട് ? 2

7. സപ്ലൈലൈൻ മുതലുള്ള ഒരു ഗൃഹ വൈദ്യുതീകരണ സെർക്കീട്ടിന്റെ ചിത്രമാണ് താഴെ കൊടുത്തിരിക്കുന്നത്. ചിത്രം വിശകലനം ചെയ്ത് താഴെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 3




(a) 'A' സൂചിപ്പിക്കുന്നത് ഏത് കമ്പിയാണ് ?

(b) 'B' സൂചിപ്പിക്കുന്നത് ഏത് കമ്പിയാണ് ?

(c) 'B' -യും എർത്തും തമ്മിലുള്ള പൊട്ടൻഷ്യൽ വ്യത്യാസം എത്ര ?


8. (a) ഹൈഡ്രജന്റെ കലോറിഫിക് മൂല്യം 150000 kj/kg ആണ് എന്നതുകൊണ്ട് എന്താണർത്ഥമാക്കുന്നത് ? 3

(b) ഹൈഡ്രജന് ഉയർന്ന കലോറിഫിക് മൂല്യമുണ്ടെങ്കിലും അതിനെ ഗാർഹിക ഇന്ധനമായി പരിഗണിക്കാത്തത് എന്തുകൊണ്ട് ?

(c) ഹൈഡ്രജൻ ഇന്ധനമായി ഉപയോഗിക്കുന്ന ഒരു സന്ദർഭം എഴുതുക.

9. 'A' -യും 'B' -യും 512 Hz ആവൃത്തിയുള്ള രണ്ടു ട്യൂണിംഗ് ഫോർക്കുകളാണ്. 'A' യുടെ ഒരു ഭുജത്തിൽ കുറച്ച് നൂൽ ചുറ്റിയിട്ടുണ്ട്. രണ്ടിനെയും ഒരേ സമയത്ത് ഉത്തേജിപ്പിച്ചാൽ, കേൾക്കുന്ന ശബ്ദത്തിലുണ്ടാകുന്ന പ്രത്യേകതയെ ഏത് പേരിൽ അറിയപ്പെടുന്നു ? 1

10. ഒന്നാമത്തെ പദജോടിയിലെ ബന്ധം കണ്ടെത്തി രണ്ടാമത്തെ പദജോടി ഉചിതമായി പൂരിപ്പിക്കുക. 1

ബാറ്ററി : 

DC ജനറേറ്റർ : - - - - -

11. പഠനത്തിനായി സൂര്യനെ പല പാളികളായി തിരിച്ചിട്ടുണ്ടല്ലോ. 3

(a) സാധാരണ സമയങ്ങളിൽ ദൃശ്യമാകുന്ന സൂര്യന്റെ പാളി ഏത് പേരിൽ അറിയപ്പെടുന്നു?

(b) പൂർണ്ണ സൂര്യഗ്രഹണ സമയത്ത് മാത്രം ദൃശ്യമാകുന്ന സൂര്യന്റെ ഏറ്റവും പുറത്തേ പാളി ഏത് ?

(c) സൂര്യന്റെ ഏത് ഭാഗത്താണ് ഊർജം ഉൽപാദിപ്പിക്കപ്പെടുന്നത് ?

Score

12. CNG യിൽ അടങ്ങിയിരിക്കുന്ന പ്രധാന ഘടകം ഏത് ? 1

13. ചില ഹാളുകളിൽ സ്രോതസ്സിൽ നിന്നുള്ള ശബ്ദം നിലച്ചതിന് ശേഷവും ആവർത്തന പ്രതിപതനത്തിന്റെ ഫലമായി ആ ശബ്ദം ഹാളിൽ തന്നെ മുഴങ്ങി കേൾക്കുവാൻ കഴിയും. 3


(a) ഈ പ്രതിഭാസം ഏതു പേരിൽ അറിയപ്പെടുന്നു ?

(b) ഈ ശല്യം തരണം ചെയ്യുവാൻ രണ്ടു മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.

(c) ആവർത്തന പ്രതിപതനം ഉപയോഗപ്പെടുത്തുന്ന രണ്ട് ഉപകരണങ്ങൾ എഴുതുക.

**14A** അല്ലെങ്കിൽ **14B** -യ്ക്ക് മാത്രം ഉത്തരം എഴുതുക.

14. **A.** ഫീൽഡ് കാന്തത്തിന്റെ ഇടയിൽ കറങ്ങി കൊണ്ടിരിക്കുന്ന ആർമേച്ചർ കോയലിന്റെ തുടർച്ചയായ നാല് ഘട്ടങ്ങളാണ്. ചിത്രത്തിൽ 1, 2, 3, 4 ആയി കാണിച്ചിരിക്കുന്നത്. 3





(a) ഏതെല്ലാം ഘട്ടങ്ങളിലാണ് പരമാവധി emf ലഭിക്കുന്നത് ?

(b) ഒരോ സന്ദർഭങ്ങളിലേയും ആർമേച്ചറിന്റെ കോണും ആ സമയത്ത് ലഭിക്കുന്ന emf -ഉം ഗ്രാഫികമായി ചിത്രീകരിക്കുക.

**അല്ലെങ്കിൽ**

**B.** സെർക്കീട്ട് നിരീക്ഷിക്കുക.




(a) സ്വിച്ച് ഓൺ ആക്കിയാൽ രണ്ടു സെർക്കീട്ടുകളിലേയും ബൾബുകളുടെ പ്രകാശത്തിൽ എന്തു വ്യത്യാസമാണ് ഉണ്ടാവുക ?

(b) നിങ്ങളുടെ നിഗമനത്തിനുള്ള കാരണം വിശദമാക്കുക.

Score

15\. ഒരു ചെമ്പു കമ്പിയുടെയും നിക്രോം കമ്പിയുടെയും പ്രതിരോധങ്ങൾ തുല്ല്യമാണെന്ന് കണ്ടെത്തി. 3

(a) അവയുടെ റെസിസ്റ്റിവിറ്റിയും തുല്ല്യമായിരിക്കുമോ ? കാരണം വ്യക്തമാക്കുക.

(b) ഉയർന്ന റെസിസ്റ്റിവിറ്റിയുള്ള ഒരു ശുദ്ധ ലോഹത്തിന് ഉദാഹരണം എഴുതുക.

(c) റെസിസ്റ്റിവിറ്റിയുടെ യൂണിറ്റ് എന്ത് ?

**16A** അല്ലെങ്കിൽ **16B**-യ്ക്ക് മാത്രം ഉത്തരം എഴുതുക. 3

16 **A.** (a) മഴവില്ല് രൂപപ്പെടാനുള്ള ഏതെങ്കിലും രണ്ട് പ്രകാശ പ്രതിഭാസങ്ങൾ എഴുതുക.

(b) മഴവില്ലിലെ ഒരു വർണ്ണം ദൃഷ്ടി രേഖയുമായി 42.7° കോൺ ഉണ്ടാകുന്ന. ആ വർണ്ണം ഏതായിരിക്കും ?


(c) താഴെ തന്നിരിക്കുന്ന സന്ദർഭങ്ങളിൽ ഒരു മഴവില്ല് നിരീക്ഷിച്ചാൽ അതിന്റെ ആകൃതി എന്തായിരിക്കും ?

(i) വീടിന്റെ ടെറസ്സിൽ നിന്ന്

(ii) വളരെ ഉയരത്തിൽ പറക്കുന്ന വിമാനത്തിൽ നിന്ന്

**അല്ലെങ്കിൽ**

**B.** ചിത്രത്തിൽ കാണുന്ന തകിടുകൾ ഓരോന്നും പെയിന്റ് ചെയ്തിരിക്കുന്നത് ശ്രദ്ധിക്കുക.




(a) ഇവയെ അസ്ത്ര ചിഹ്നമിട്ട ദിശയിൽ വളരെ വേഗത്തിൽ കറക്കിയാൽ

(i) തകിട് 'A' ഏത് നിറത്തിൽ കാണപ്പെടും ?

(ii) തകിട് 'B' ഏത് നിറത്തിൽ കാണപ്പെടും ?

(b) ഇങ്ങനെ കാണുവാൻ കഴിയുന്നത് കണ്ണിന്റെ ഏത് പ്രത്യേകത കൊണ്ടാണ് ?


(c) ചുവപ്പ് നിറത്തിന്റെ പൂരകവർണ്ണമേത് ?

Score

**17.** പട്ടിക വിശകലനം ചെയ്ത് 'A', 'B' എന്നിവയുടെ മൂല്യം നിർണയിക്കുക. 2

| ഉപകരണം | പവർ | പ്രവർത്തിപ്പിക്കുന്ന സമയം (മണിക്കൂർ) | വിനിയോഗിക്കുന്ന ഊർജ്ജം (kWh) |
|---|---|---|---|
| ഇൻകാൻഡിസന്റ് ബൾബ് | 60 W | A | 0.6 |
| CFL | B | 9 | 0.18 |

**18.** സെർക്കീട്ട് നിരീക്ഷിക്കുക. 4




(a) 'A' എന്ന് അടയാളപ്പെടുത്തിയ ഘടകം ഏത് പേരിൽ അറിയപ്പെടുന്നു?

(b) സെർക്കീട്ടിലെ ആകെ പ്രതിരോധം 30 Ω ആണ്. ഇതിനെ 10 V AC സ്രോതസ്സുമായി ബന്ധിപ്പിച്ചാൽ, 20 മിനിട്ടിൽ ഉൽപാദിപ്പിക്കുന്ന താപം കണക്കാക്കുക.

- o 0 o -